# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2644 21.06.2012ൽ മറുപടിയ്ക്ക്

## പട്ടുവം ഐ.എച്ച്.ആർ.ഡി കോളേജ്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>((ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)) |
|---|---|---|
| എ) കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടുവത്ത് ഐ.എച്ച്.ആർ.ഡി കോളേജ് ആരംഭിച്ചത് എപ്പോഴാണ്; പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ), ബി) & സി) | പട്ടുവത്ത് ഐ.എച്ച്.ആർ.ഡി കോളേജ് ആരംഭിച്ചത് 1997-ലാണ്. പട്ടുവം കോളേജിന്റെ കെട്ടിട നിർമ്മാണം സ്വന്തം നിലയിൽ നിർവ്വഹിക്കാൻ ഐ.എച്ച്.ആർ.ഡി-യുടെ നിലവിലെ സാമ്പത്തികസ്ഥിതി തടസ്സമാകുന്നുവെന്നും അതിനാൽ 4 കോടി രൂപയുടെ സർക്കാർ സഹായം ലഭ്യമാക്കണമെന്നും ഐ.എച്ച്.ആർ.ഡി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഐ.എച്ച്.ആർ.ഡി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി പ്രൊപ്പോസൽ സമർപ്പിക്കാനായി ഐ.എച്ച്.ആർ.ഡി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| ബി) ഐ.എച്ച്.ആർ.ഡി-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരാത്തതിനാൽ പ്രസ്തുത കെട്ടിടം പണികളുടെ ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) എങ്കിൽ ഭരണാനുമതി ലഭ്യമാക്കി കെട്ടിടം പണി എപ്പോൾ ആരംഭിയ്ക്കാനാകുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ